LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂലായ് 9, ബുധൻ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 1986 ജൂലായ് 9-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു).

(i) വാദ്മൂലം നൽകുന്ന ഉത്തരങ്ങൾ

മിൽമയുടെ പ്രവർത്തനം

* 200 [232] ശ്രീ. മണിമംഗലത്ത് കുട്ട്യാലി:

,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:

,, കെ. സി. ജോസഫ്:

,, ജി. കാർത്തികേയൻ:

,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ ഏറ്റെടുത്ത് നടത്തുന്നത്;

(ബി) മിൽമയുടെ മുഖ്യമായ പ്രവർത്തനങ്ങൾ ഏതെല്ലാമാണ്;

(സി) കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ നിലവിൽ വന്നതുകൊണ്ട് പാൽ ഉൽപ്പാദകർക്ക് ഗുണമുണ്ടായിട്ടുണ്ടോ;

(ഡി) മിൽമയുടെ കീഴിൽ ഏതെല്ലാം യൂണിറ്റുകൾ ഉണ്ട്;

(ഇ) ഈ യൂണിറ്റുകളുടെ കപ്പാസിറ്റി എത്രയാണ്; അവ എത്രത്തോളം ഉപയോഗപ്പെടുത്തുന്നുണ്ട്;

(എഫ്) മിൽമ ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്;

(ജി) ഫെഡറേഷൻ നടത്തിപ്പിനുള്ള ഘടന എന്താണ്; ഉല്പാദകർ തന്നെയാണോ ഇത് നടത്തുന്നത്;

(എച്ച്) ഫെഡറേഷനിൽ ഇപ്പോഴും പാൽ മിച്ചം വരാറുണ്ടോ;

(ഐ) എങ്കിൽ ഈ മിച്ചമുള്ള പാൽ എങ്ങനെയാണ് ഉപയോഗിക്കുന്നത്;

(ജെ) ഈ വർഷം വിദേശ രാഷ്ട്രങ്ങളുടെ സഹായത്തോടെ സംസ്ഥാനത്ത് പുതിയ ഡയറി പ്രോജക്ടുകൾ തുടങ്ങുന്നുണ്ടോ;

(കെ) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(എൽ) മലബാർ പ്രദേശത്തേക്ക് ഫെഡറേഷന്റെ പ്രവർത്തനങ്ങൾ നീട്ടുവാൻ പദ്ധതി ഉണ്ടോ?

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) മിൽമ എന്നറിയപ്പെടുന്ന കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷൻ ''ഓപ്പറേഷൻ ഫ്ളഡ്—II'' കേരളത്തിന്റെ എട്ട് തെക്കൻ ജില്ലകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വടക്കൻ ജില്ലകളിൽ സമാനമായ മറ്റൊരു പദ്ധതി നടപ്പിലാക്കാനുള്ള നടപടികളും എടുത്തു കൊണ്ടിരിക്കുന്നു.

(ബി) പാൽ സംഭരണം, സംസ്കരണം, വിപണനം ഇവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഇവയ്ക്ക് പുറമെ പാൽ ഉല്പന്നങ്ങൾ, കന്നുകാലിത്തീറ്റ എന്നിവയുടെ നിർമ്മാണവും വിപണനവും ഫെഡറേഷൻ നടത്തിവരുന്നു.

(സി) ഉണ്ട്.

(ഡി, ഇ) മിൽമയുടെ കീഴിൽ ഉള്ള വിവിധ യൂണിറ്റുകളും അവയുടെ കൈകാര്യശേഷി ഉപയോഗപ്പെടുത്തലും ഇപ്രകാരമാണ്.

ഡയറികൾ		പ്രതിദിന കൈകാര്യശേഷി
1.	തിരുവനന്തപുരം	40,000 ലിറ്റർ
2.	കൊല്ലം	60,000 ,,
3.	ആലപ്പുഴ	4,000 ,,
4.	കോട്ടയം	6,000 ,,
5.	എറണാകുളം	50,000 ,,
6.	പാലക്കാട്	6,000 ,,
7.	കണ്ണൂർ	10,000 ,,

കൊല്ലം ഡയറി ഒഴികെ എല്ലാ ഡയറികളുടെയും കപ്പാസിറ്റി പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ട്. കൊല്ലം ഡയറി കഴിഞ്ഞ ജനുവരിയിലാണ് ആരംഭിച്ചത്. അതുകൊണ്ട് അതിന്റെ കപ്പാസിറ്റി പൂർണ്ണമായും വിനിയോഗിക്കാറായിട്ടില്ല.

ക്ഷീരശീതീകരണ കേന്ദ്രങ്ങൾ		പ്രതിദിന കൈകാര്യശേഷി
1.	മാറനെല്ലൂർ	10,000 ലിറ്റർ
2.	ഏരൂർ	2,000 ,,
3.	കരുനാഗപ്പള്ളി	5,000 ,,
4	കുമ്പഴ	2,000 ,,
5	മാവേലിക്കര	2,000 ,,
6	മൂന്നാർ	2,000 ,,

LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരശീതീകരണകേന്ദ്രങ്ങൾ		പ്രതിദിനകൈകാര്യശേഷി
7.	കട്ടപ്പന	4,500 ലിറ്റർ
8.	തൊടുപുഴ	2,000 ,,
9.	മൂവാറ്റുപുഴ	4,000 ,,
10.	പേരാമ്പ്ര	4,000 ,,
11.	പട്ടിക്കാട്	4,000 ,,
12.	ചേലക്കര	2,000 ,,
13.	അട്ടപ്പാടി	2,000 ,,
14.	തൊണ്ടിയിൽ	2,000 ,,

ഇവയെല്ലാം മിക്കവാറും പൂർണ്ണമായ തോതിൽ കൈകാര്യശേഷി വിനിയോഗിക്കപ്പെടുന്നുണ്ട്.

കാലിത്തീറ്റ ഫാക്ടറികൾ		പ്രതിദിന കൈകാര്യശേഷി
1.	തുറവൂർ	100 ടൺ
2.	മലമ്പുഴ	100 ,,

ഈ ഫാക്ടറികളിൽ ദൈനംദിന ഉൽപ്പാദനം 85 ടൺ വീതമാണ്.

(എഫ്) 1986 ജനുവരി ഒന്നാം തീയതി മുതൽ മാർച്ച് 31-ാം തീയതി വരെയുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ ഫെഡറേഷൻ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ജി) താഴെയാറത്ത് ആപ്കോ ക്ഷീരോല്പാദക സൊസൈറ്റികളുണ്ട്. ഈ ഘടകങ്ങളെ യോജിപ്പിച്ചുകൊണ്ട് തിരുവനന്തപുരവും എറണാകുളവും ആസ്ഥാനമായി ഓരോ മിൽക്ക് യൂണിയനുകളും അതിനു പരിയായി മിൽക്ക് ഫെഡറേഷനും പ്രവർത്തിക്കുന്നു. മിൽക്ക് യൂണിയനുകളിലും ഫെഡറേഷനിലും ഉദ്യോഗസ്ഥൻമാർ ഒഴികെ പാൽ ഉൽപ്പാദകരുടെ പ്രതിനിധികളും മാത്രമേയുള്ളൂ. യൂണിയനുകളിലും ഫെഡറേഷനിലും ഇവരാണ് ഭൂരിപക്ഷം.

(എച്ച്) ഉണ്ട്.

(ഐ) മിച്ചം വരുന്ന പാൽ തമിഴ്നാട്ടിൽ മധുര, ഈറോഡ് എന്നീ ഡയറികൾക്ക് അയയ്ക്കുകയും ഈ ഡയറികളിലുള്ള പാൽപ്പൊടി നിർമ്മാണ സൗകര്യം ഉപയോഗിച്ച് പാൽപ്പൊടിയായി മാറ്റുകയും ചെയ്തുവരികയാണ്.

(ജെ) ഉണ്ട്.

(കെ) കാസർകോട്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് കോഴിക്കോട് എന്നീ ജില്ലകളിൽകൂടി ഓപ്പറേഷൻ ഫ്ളഡ്—II ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(എൽ) ഉണ്ട്.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഓപ്പറേഷൻ ഫ്ളഡ്—II സ്കീമിന്റെ അടങ്കൽ തുക എത്രയാണ്; ഇതുവരെ ചെലവാക്കിയ തുക എത്ര; ഈ തുക മുഴുവൻ ലോകബാങ്കിൽ നിന്ന് ഗ്രാന്റായിട്ടാണോ നമുക്ക് ലഭിക്കുന്നത്; വായ്പയുടെ വിഹിതം എത്ര; പലിശനിരക്ക് എത്ര; മടക്കിക്കൊടുക്കേണ്ട കാലാവധി എന്നാണ് തുടങ്ങിയ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ്: ഈ സ്കീമിന്റെ അടങ്കൽ തുക 23.12 കോടി രൂപയാണ്. ഇതുവരെ ചെലവഴിച്ച തുക 7.2 കോടി രൂപയാണ്. തുക മുഴുവനും ഗ്രാന്റല്ല. 70 ശതമാനം വായ്പയാണ്. പലിശ നിരക്ക് പത്തര ശതമാനമാണ്. അഞ്ചരവർഷം കഴിയുമ്പോൾ തുക മടക്കിക്കൊടുക്കണം. അഞ്ചരക്കൊല്ലത്തിനുശേഷം ഇരുപത്, ഇരുപത്തിയഞ്ച് കൊല്ലംകൊണ്ട് തുക മടക്കിക്കൊടുക്കണം.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഗവൺമെന്റിന് എന്താണ് ബാദ്ധ്യത. ഇതിന് തത്തുല്യമായ മറ്റൊരു പദ്ധതി മലബാറിൽ നടപ്പിലാക്കുമെന്ന് പറഞ്ഞു. ഈ പദ്ധതി തന്നെ ആ ഭാഗത്ത് നടപ്പിലാക്കിയാൽ എന്താണ് ദോഷം?

ശ്രീ. എ. എൽ. ജേക്കബ്: അത് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ്: കേരളത്തിന്റെ വടക്കൻ ജില്ലകളിൽ നടപ്പിലാക്കിയെന്ന് മന്ത്രി പറഞ്ഞ ഓപ്പറേഷൻ ഫ്ളഡ്—II ഇപ്പോൾ ഏത് ഘട്ടത്തിലാണ്, ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും?

ശ്രീ. എ. എൽ. ജേക്കബ്: ഇത് 8.13 കോടി രൂപ അടങ്കൽതുകയുള്ള ഒരു പദ്ധതിയാണ്. ഇതിന് സ്വിസ്സ് ഗവൺമെന്റിന്റെ സഹായം ലഭിക്കും. ഈ തുക മുഴുവൻ സ്വിസ്സ് ഗവൺമെന്റ് തരാമെന്ന് ഏറ്റിട്ടുണ്ട്. അതിന്റെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കായി അയച്ചിട്ടുണ്ട്. അത് വേഗം ലഭിക്കുമെന്നാണ് പ്രതീക്ഷ.

ശ്രീ. കെ. സി. ജോസഫ്: ഐ. ആർ. ഡി. പി. പദ്ധതി മുഖേന ധാരാളം വായ്പാസൗകര്യങ്ങൾ ലഭിക്കുന്നതുകൊണ്ട് മലബാറിലെ മലയോരമേഖലയിൽ ധാരാളം കന്നുകാലി സമ്പത്തുണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ശ്രീകണ്ഠപുരം കേന്ദ്രമായി ഒരു മിനി ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിലെ ഉൽപ്പാദകരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ശ്രീകണ്ഠപുരത്ത് ഒരു മിനി ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഉദ്ദേശമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതനുസരിച്ച് അതിന്റെ സാദ്ധ്യതകളെപ്പറ്റിയുള്ള പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. പഠന റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞശേഷം അതുസംബന്ധിച്ചുള്ള തീരുമാനമെടുക്കും.

ശ്രീ. ജി. കാർത്തികേയൻ: ഓപ്പറേഷൻ ഫ്ളഡ്—II പദ്ധതി പ്രകാരം മിൽമ പാൽ സംഭരണം, വിപണനം, സംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നുവെന്നു പറഞ്ഞു. ഇത്രയും വിപുലമായ ഈ പദ്ധതികൊണ്ട് കേരളത്തിലെ പാലുൽപ്പാദകർക്ക് എന്തെങ്കിലും ആനുകൂല്യം ലഭിക്കുന്നുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: പാൽ ഉൽപ്പാദകർക്ക് ലഭിക്കുന്ന പ്രയോജനം താഴെപ്പറയുംപ്രകാരമാണ്. പാലിന് ന്യായമായ വില കിട്ടുന്നു. ആപ്കോ സൊസൈറ്റികളിൽ ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവനും

LIBRARY ARCHIVES Kerala Legislative Assembly

വിലയ്ക്ക് വാങ്ങുന്നു. ഒന്നാംതരം കാലിത്തീറ്റ സഹകാര്യ കച്ചവടക്കാരിൽനിന്നും കിട്ടുന്നതിനേക്കാൾ കുറഞ്ഞവിലയ്ക്കു കൊടുക്കുന്നുണ്ട്. കന്നുകാലികൾക്ക് സൊസൈറ്റിയിൽവച്ചു സൗജന്യ ചികിൽസ ലഭിക്കുന്നു, സൊസൈറ്റികൾക്ക് വിവിധയിനം ആനുകൂല്യങ്ങൾ നൽകുന്നതിന്റെ ഗുണം സംഘാംഗങ്ങൾക്ക് കിട്ടുന്നു. സംഘങ്ങൾക്ക് കിട്ടുന്ന ലാഭത്തിന്റെ 65 ശതമാനം അംഗങ്ങൾക്ക് ബോണസായി കിട്ടുന്നു.

സൗജന്യമായിക്കിട്ടുന്ന ആനുകൂല്യങ്ങൾ താഴെപ്പറയുന്നവയാണ്. മാനേജീരിയൽ ഗ്രാന്റ് 3,000 രൂപ. ഫർണീച്ചറിന് 2,600 രൂപ. മിൽക്ക് ടെസ്റ്റിംഗ് എക്യൂപ്മെന്റിന് 1,500 രൂപ. ഫസ്റ്റ് എയിഡ് ബോക്സ് ആൻഡ് മെഡിസിൻ 1,000 രൂപ. രജിസ്റ്റർ 500 രൂപ. കന്നുകാലികൾക്ക് ചികിൽസ കൊടുക്കുന്നതിനുവേണ്ടി 1,000 രൂപ കൊടുക്കുന്നു. ഫോഡർ ഗ്രാസ് സ് ഗ്രാന്റ് 1,000 രൂപ, വർക്കിംഗ് ക്യാപ്പിറ്റൽ പലിശയില്ലാത്ത വായ്പയായി കൊടുക്കുന്നു. ക്യാറ്റിൽ ഇൻഷ്വറൻസ് ഇനത്തിൽ ഇളവ് അനുവദിക്കുന്നു.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: 1985-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി പ്രഖ്യാപിക്കുകയും ബഹുമാനപ്പെട്ട മന്ത്രി എന്റെ നാട്ടിൽ വന്ന് പ്രസംഗിക്കുകയും ചെയ്ത മഞ്ചേരി മിൽക്ക് പ്രോജക്ട് യൂണിറ്റ് ഈ വർഷം തുടങ്ങുമോ? ഇല്ലെങ്കിൽ എന്തുകൊണ്ട്? ഇല്ലെങ്കിൽ അതിനുപകരം - മറ്റെന്തെങ്കിലും പ്രവർത്തനം തുടങ്ങാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: ഒരു പിന്നാക്കജില്ലയായ മലപ്പുറം ജില്ലയുടെ വികസനം ഉദ്ദേശിച്ച് മഞ്ചേരി ഡയറി ഡവലപ്പ്മെന്റ് പ്രോജക്ട് എന്ന പേരിൽ ഒരു കരട് പ്രോജക്ട് റിപ്പോർട്ട് 1984-ൽ തയ്യാറാക്കിയിരുന്നു. അതിന്റെയടിസ്ഥാനത്തിലാണ് 1985-ലെ ബഡ്ജറ്റ്പ്രസംഗത്തിൽ ധനകാര്യമന്ത്രി ഇതിനെപ്പറ്റി സൂചന നൽകിയത്. ഇതേ അടിസ്ഥാനത്തിൽ തന്നെയാണ് നിലമ്പൂരിൽ വച്ച് ഒരു യോഗത്തിൽ ഈ പദ്ധതിയെ സംബന്ധിച്ചു ഞാനും പരാമർശിച്ചത്. എന്നാൽ അപ്പോഴേക്കും വടക്കൻ ജില്ലകളുടെ മൊത്തമായ ക്ഷീരവികസന പദ്ധതികൾക്കായി ഓപ്പറേഷൻ ഫ്ളഡ്—II മാതൃകയിൽ സമഗ്രമായ ക്ഷീരവികസന പരിപാടി സ്വിസ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായി. മഞ്ചേരിക്കും മലപ്പുറം ജില്ലയ്ക്കു മൊത്തത്തിലും ഉള്ള ക്ഷീര ഉൽപ്പാദകർക്ക് വേണ്ടും വിധമുള്ള പ്രയോജനം സിദ്ധിക്കുവാനുതകുന്ന ഒരു പദ്ധതിയാണിത്. ഈ സാഹചര്യത്തിൽ മഞ്ചേരി ഡയറി ഡവലപ്പ്മെന്റ് കരട് പദ്ധതി മുന്നോട്ടുകൊണ്ടുപോയില്ല. 26.3.1986-ൽ ബഹുമാനപ്പെട്ട മെമ്പറുടെ സബ്മിഷനു മറുപടിയായി ഇതിൽക്കവിഞ്ഞ ഉറപ്പൊന്നും ഞാൻ നൽകിയിട്ടില്ല. സ്വിസ്സ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന ഈ പദ്ധതി മലപ്പുറം ജില്ലയ്ക്കാകെ സഹായകമാകുമെന്നാണ് ഇതു സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്.

ശ്രീ. എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ: മന്ത്രിയുടെ മറുപടിയിൽ വളരെ ക്ലിയറായി അവിടെ അതു തുടങ്ങുകയില്ലെന്നു വ്യക്തമാക്കുകയുണ്ടായി. ഈ വർഷംതന്നെ അതു തുടങ്ങുമെന്നു മന്ത്രി എന്റെ നാട്ടിൽ വന്നു പ്രസംഗിച്ചതാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിലൊന്ന് ഇടപെടണം. ബഡ്ജറ്റ് പ്രസംഗത്തിൽ പറയുകയും

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി ഉറപ്പു തരികയും ചെയ്ത സ്കീം തുടങ്ങാനുള്ള നടപടി എടുക്കണം. മരങ്ങാട്ടുപള്ളിയിൽ തുടങ്ങുമെന്നു പറഞ്ഞ പ്രോജക്ട് തുടങ്ങാൻ തീരുമാനിക്കുകയും മഞ്ഞേശ്വരത്തേത് നിർത്തിവയ്ക്കുകയും ചെയ്തത് വിരോധാഭാസമാണ്. ഞങ്ങളുടെ ജില്ലയിലുള്ള ആളുകൾക്കും പാൽ കുടിക്കണമെന്ന് ആഗ്രഹമുണ്ട്. ഇതല്ലെങ്കിൽ വേറെ ഏതെങ്കിലും ഒരു സ്കീം ഈ വർഷംതന്നെ അവിടെ തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതു ഞാൻ മുമ്പു പറഞ്ഞല്ലോ ഏതെങ്കിലും ഒരു സ്കീമിൽ ഉൾപ്പെടുത്തി ഉടനെതന്നെ ഇക്കാര്യം ചെയ്യാവുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി: 1981-ൽ ഓപ്പറേഷൻ ഫ്ളഡ്—II നടപ്പിലാക്കിയപ്പോഴാണ് മിൽമ എന്നു പറയുന്ന സ്ഥാപനം നിർത്തലാക്കിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ ചോദ്യത്തിൽ 'എ' 'ബി' പിരിവുകളും മിൽമയെപ്പറ്റിയാണ്. മിൽമ ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അത് ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

സ്വാതന്ത്ര്യസമര സേനാനികൾക്കായുള്ള പെൻഷൻ

* 201 [233] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി:
,, പി. എം. അബൂബക്കർ:
,, പി. സീതിഹാജി:
,, കെ. പി. രാമൻ:
,, എ. വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1921-ലെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവരിൽ എത്ര പേർക്ക് സ്വാതന്ത്ര്യസമരസേനാനികൾക്കായുള്ള സംസ്ഥാന പെൻഷൻ നൽകുന്നുണ്ട്;

(ബി) സംസ്ഥാന പെൻഷൻ കിട്ടുന്നവർക്കെല്ലാം കേന്ദ്ര പെൻഷൻ കിട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഇതേവരെ കിട്ടിയ വിവരങ്ങളനുസരിച്ച് 200 പേർക്ക് പെൻഷൻ നൽകുന്നുണ്ട്.

(ബി) സംസ്ഥാന പെൻഷൻ നൽകുന്നതിന് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള സമരങ്ങളെല്ലാം കേന്ദ്ര പെൻഷൻ നൽകുന്നതിന് കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. സംസ്ഥാന പെൻഷൻ അനുവദിക്കുന്നത് ജില്ലാകളക്ടറും കേന്ദ്രപെൻഷൻ അനുവദിക്കുന്നത് കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly